# Suprabhatham
# 04.02.2024

സുപ്രഭാതം



ഐ.സി.എ.ആർ സിഫ്റ്റിൽ നടന്ന ബോധവൽക്കരണ ശിൽപശാല സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ഉദ്ഘാടനം ചെയ്യുന്നു

## ബോധവൽക്കരണ ശിൽപശാല നടത്തി

**കൊച്ചി** ▸ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റ് സമുദ്രവിഭവ സംസ്കരണം, പാക്കേജിങ്, മത്സ്യ മാലിന്യ സംസ്കരണം, മത്സ്യസംസ്കരണത്തിന് ഉപയോഗിക്കുന്ന മെഷിനറികൾ എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണ ശിൽപശാല സിഫ്റ്റിൽ സംഘടിപ്പിച്ചു. കേരള സർക്കാരിന്റെ കീഴിലുള്ള സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷനായ കുടുംബശ്രീയിലെ കോർഡിനേറ്റർമാർക്കാണ് ശിൽപശാല സംഘടിപ്പിച്ചത്.

സമുദ്രവിഭവ സംസ്കരണ സാങ്കേതിക വിദ്യകൾ, മൂല്യവർധന രീതികൾ, നൂതന പാക്കേജിങ് വിദ്യകൾ, സുസ്ഥിരമായ മത്സ്യ മാലിന്യ വിനിയോഗം എന്നീ വിഷയങ്ങളിൽ അറിവ് നൽകുക എന്നതാണ് ബോധവൽക്കരണ പരിപാടിയുടെ ലക്ഷ്യം. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ ശിൽപശാല ഉദ്ഘാടനം ചെയ്തു. മത്സ്യബന്ധന മേഖലയിൽ സുസ്ഥിരമായ സമുദ്രോത്പന്ന സംസ്കരണത്തിന്റെയും പാക്കേജിങ്ങിന്റെയും പ്രാധാന്യത്തെ കുറിച്ച് അദ്ദേഹം സംസാരിച്ചു.

മത്സ്യ സംസ്കരണവും മൂല്യവർധിത ഉത്പന്നങ്ങളും, സമുദ്രവിഭവ സംസ്കരണവും പാക്കേജിങ്ങും, മത്സ്യ സംസ്കരണത്തിനുള്ള യന്ത്രങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സിഫ്റ്റിലെ ശാസ്ത്രജ്ഞരായ ഡോ.യു. പാർവതി, ഡോ. രമ്യ എസ്, ഡോ. ബിൻസി പി.കെ, ഡോ. മുരളി എസ്, എസ്. ശ്രീജിത്ത് എന്നിവർ സെഷനുകൾ എടുത്തു.

കുടുംബശ്രീ മിഷനിൽ നിന്ന് സംസ്ഥാന പ്രോഗ്രാം മാനേജർമാർ, സംസ്ഥാന അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവരുൾപ്പെടെ 45 പേർ ശിൽപശാലയിൽ പങ്കെടുത്തു. ഡോ. ബിന്ദു ജെ, ഐ.സി.എ.ആർ സിഫ്റ്റിലെ ഫിഷ് പ്രോസസിംഗ് വിഭാഗം മേധാവി ഡോ. റാണ രാജ് വി.ആർ, കുടുംബശ്രീയിലെ പ്രോഗ്രാം ഓഫീസർ(മൃഗസംരക്ഷണം) എന്നിവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു.

Kochi Edition
Date : 2/4/2025 , Page : 2